'സിൽക്ക്'-ന് സർക്കാർ വകുപ്പുകളിൽ മുൻഗണന നൽകാൻ നടപടി

15 (582) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ അഴീക്കലിലെ ഏക പൊതുമേഖലാ സ്ഥാപനമായ 'സിൽക്ക്'-ന് സർക്കാർ വകുപ്പുകളിലെ പ്രവർത്തികൾ നൽകുന്നതിൽ മുൻഗണന നൽകുന്ന കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച അപേക്ഷകളൊന്നും കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

'കെൽടെക്' പുനരുദ്ധാരണം

16 (583) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ 'കെൽടെക്കിന്റെ' പുനരുദ്ധാരണ പദ്ധതി വിശദീകരിക്കാമോ ; എത്ര കോടി രൂപയാണ് ഇതിന് വേണ്ടി വരുന്നത് ;

(ബി) പുനരുദ്ധാരണത്തിന് ഐ. എ സ്. ആർ. ഒ യുടെയും ഡി.ആർ.ഡി.എ.യുടെയും വിഹിതം എത്ര കോടി വീതമാണ് ;

(സി) ഈ തുക ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) ഇതിന് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്ര കോടി രൂപയാണ് ;

(ഇ) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 'കെൽടെക്കി'ന്റെ പുനരുദ്ധാരണം പ്രധാനമായി ഉദ്ദേശിക്കുന്നത് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും എടുത്തിരുന്ന ദീർഘകാല വായ്പയായ 27.56 കോടി രൂപ ഒറ്റതവണയായി മടക്കികൊടുത്ത് ഈ സ്ഥാപനത്തെ ഭാരിച്ച പലിശയിൽ നിന്നും മുക്തമാക്കുക എന്നതാണ്. കെൽടെക്കിന്റെ 1999 ഡിസംബർ 31 വരെയുള്ള കടബാദ്ധ്യത 78.56 കോടി രൂപയാണ്. ഇതിൽ ദീർഘകാല വായ്പ 27.56 കോടി രൂപയും ബാക്കി പലിശയുമാണ്. വായ്പ തുകയായ 27.56 കോടി രൂപ ഒറ്റ തവണയായി നൽകിയാൽ പലിശയിനത്തിൽ നൽകേണ്ട തുക മുഴുവൻ ഇളവു ചെയ്യാമെന്ന് സാമ്പത്തികസ്ഥാപനങ്ങളും ബാങ്കുകളും സമ്മതിച്ചിട്ടുണ്ട്. അങ്ങനെ ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന് വേണ്ട തുക 27.56 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10 കോടി രൂപ വീതം

(സി) ഉണ്ട്.

(ഡി) 7.56 കോടി രൂപ

(ഇ) 7.56 കോടി രൂപ അനുവദിച്ച് 10-8-2000-ൽ സർക്കാർ ഉത്തരവാക്കിയിട്ടുള്ള തുക ഉടനെ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം വ്യവസായ വകുപ്പു ഡയറക്ടർ നൽകിയിട്ടുണ്ട്.

സിമന്റ് വില

17 (584) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനു പുറത്തുള്ള സിമന്റ് കമ്പനികൾ സംസ്ഥാനത്ത് വിൽക്കുന്ന സിമന്റിന്റെ വില എപ്പോഴെല്ലാം വർദ്ധിപ്പിച്ചു. ഇപ്പോൾ സിമന്റ് വില എത്രയാണ് ;

(ബി) സിമന്റു വില വർദ്ധിപ്പിക്കാനുള്ള സാഹചര്യമെന്തായിരുന്നു ; വിശദമാക്കാമോ;

(സി) മറ്റ് കമ്പനികൾ സിമന്റ് വില വർദ്ധിപ്പിച്ചപ്പോൾ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സും അതിനു തുല്യമായി വില വർദ്ധിപ്പിച്ചുവോ ;

(ഡി) എന്തടിസ്ഥാനത്തിലാണ് മലബാർ സിമന്റ്സ് വില വർദ്ധിപ്പിച്ചത് എന്ന് വിശദമാക്കാമോ ;

(ഇ) മലബാർ സിമന്റ്സ് ഉണ്ടാക്കുന്ന അസംസ്കൃത സാധനങ്ങൾക്കോ, മറ്റേതെങ്കിലും സർവ്വീസുകൾക്കോ, വില വർദ്ധിച്ചിരുന്നുവോ ; എങ്കിൽ എത്രമാത്രമെന്ന് വിശദികരിക്കുമോ ;

(എഫ്) മറ്റ് സിമന്റ് കമ്പനികൾ വില വർദ്ധിപ്പിച്ചപ്പോൾ മലബാർ സിമന്റ്സ് അതനുസരിച്ച് വില വർദ്ധിപ്പിക്കാതിരുന്നുവെങ്കിൽ സംസ്ഥാനത്തെയും അയൽ സംസ്ഥാനങ്ങളിലെയും മാർക്കറ്റ് മലബാർ സിമന്റ്സിന് ലഭിക്കുകയും മറ്റു കമ്പനികൾ സംസ്ഥാനത്ത് സിമന്റ് വില കുറയ്ക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുമായിരുന്നു എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ജി) മലബാർ സിമന്റ്സിലെ സിമന്റിന് വില കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിപണിയിൽ ലഭ്യമായ വിവരമനുസരിച്ച് 15-6-2000, 1-7-2000, 15-7-2000, 30-7-2000, 13-10-2000, 15-11-2000, 5-1-2001 എന്നീ തീയതികളിൽ സിമന്റു വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ സിമന്റിന്റെ ശരാശരി വില ചാക്കിന് 195 രൂപാ മുതൽ 205 രൂപാ വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly